




# CHURCH VOICE

C.S.I MATEER MEMORIAL CHURCH

Vol. 15 No . 9 Newsletter Sept. 2017



The student is not above the teacher, but everyone who is fully trained will be like their teacher.

(Luke 6:40)

## അഭിനന്ദനങ്ങൾ



കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഭരണസമിതിയിലേക്ക് (Syndicate) കേരള ഗവർണ്ണർ നാമനിർദ്ദേശം ചെയ്ത പ്രൊഫ. നെസി ഡാനിയേൽ. കേരളാ സർവ്വകലാശാല ആർട്ട്സ് ഫാക്കൽറ്റി ഡീനും ഫിലോസഫി വകുപ്പ് മേധാവിയും, എം. എം. ചർച്ച് സൺഡേ സ്കൂൾ അദ്ധ്യാപികയും ആയിരുന്നു. ചർച്ച് കമ്മിറ്റി അംഗമായിരുന്ന ഡോ. സിന്ധുജാ സുരേഷിന്റെ മാതാവുമാണ്.



Jessy Mary Navin, daughter of Mr. and Mrs. Navin Rajan from Gulf Indian School Kuwait secured the second highest marks in her school for Maths and Physics for her 12th CBSE Board exam. Family No: 1523.



M.M. Church Senior Citizens' Fellowship ന്റെ
15 – 08 – 2017ൽ കുറ്റാലം സി. എസ്. ഐ. സഭയിൽവച്ചു നടന്ന റിട്രീറ്റ്



YFF Charity Fest 2017

# CHURCH VOICE

15th year of publication

SEPTEMBER 2017



**CHIEF EDITOR**
Rev. D. Jacob

**EDITOR**
Rev. Rohan P.

**SUB EDITOR**
Mr. Premakumar P. R.

**EDITORIAL BOARD**
Rev. Y. Vijayadas
Rev. N.L. Praveen Raj
Prof. Oliver A. Maison
Er. Lal C.L.
Er. Priya Joy
Mr. Suresh Devarajan
Mr. Binil Winfred
Mrs. Nithya Robinson
Mr. Livingstone Nesaraj D.



**ADDRESS**
The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to
churchvoice@gmail.com
before 15th of every month



Cover Page Designed by
Mr. Arad V. M.

Church Voice can be read online at our website
www.mateermemorialchurch.com

**PRINTED AT**
GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
## Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (Third Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (4 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (4 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Prof. Oliver A. Maison (Secretary) | | 9495352829 |
| Er. Lal C.L. (Accountant) | 2336491 | 9447101223 |
| Er. N. Benson | | 9497002145 |
| Adv. Biju Immanuel | | 9895889000 |
| Mr. Binil Winfred | | 9496588473 |
| Mr. Edward John J. | | 9495666455 |
| Smt. Girly Ansalam | | 9446846457 |
| Mr. Hudson K. | | 9446589715 |
| Er. Jose H. Jones | | 9447698652 |
| Dr. Justin Jose | | 9446466368 |
| Er. Priya Joy | | 9645314473 |
| Adv. A. Sagunaraj | 2310016 | 9447657850 |
| Mr. Shajimon K. L. | | 9447239149 |
| Mr. Suresh Devarajan | | 9747311779 |
| **Church Office** | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും" (യോഹ. 15:4) എന്ന് ക്രിസ്തുമൊഴി. യോഹന്നന്റെ എഴുത്തുകളിൽ 68 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന 'മെനെയിൻ' എന്ന യവനപദത്തിന് remain, abide, stay, dwell on എന്നൊക്കെ അർത്ഥമുണ്ട്. പിതാവും പുത്രനും, പുത്രനും ക്രിസ്ത്യാനിയും തമ്മിലുള്ള സ്ഥിരമായ ബന്ധമാണ് ഇവിടെ പ്രതിപാദ്യം. പഴയ നിയമ പ്രകാരം സ്ഥിരത ദൈവത്തിന്റെ അടയാളം; മനുഷ്യൻ അസ്ഥിരനാണ്. യഹോവ ജീവനുള്ള ദൈവവും എന്നേയ്ക്കും നിലനിൽക്കുന്നവനും അവന്റെ രാജത്വം നശിച്ചുപോകാത്തതും അവന്റെ ആധിപത്യം അവസാനം വരാത്തതും ആകുന്നു എന്ന് ദാര്യാവേശ് രാജാവിന്റെ അനുഭവ സാക്ഷ്യം (ദാനി. 6:26). പുതിയ നിയമത്തിൽ കർത്താവിന്റെ വചനം എന്നേക്കും നിലനിൽക്കുന്നു (1 പത്രൊ. 1:25). ക്രിസ്തു എന്നേക്കും ഇരിക്കും എന്ന് ന്യായപ്രമാണം (യോഹ. 12:34). യോഹന്നാൻ യേശുവിനെ മശിഹായായും ദൈവപുത്രനായും അവതരിപ്പിക്കുന്നതിനാൽ ക്രിസ്തുവുമായി ബന്ധപ്പെട്ടതെല്ലാം സ്ഥിരവും എന്നേക്കും നിലനിൽക്കുന്നതുമാണ്. അതിനാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ഇരിക്കുന്നു എന്ന് യോഹന്നാൻ വിവരിക്കുന്നു (1 യോഹ. 2:17). ചുരുക്കത്തിൽ പിതാവും പുത്രനും ക്രിസ്ത്യാനിയും അന്യോന്യം പാരസ്പരികതയിൽ വസിക്കുന്നതിനെ ഇവിടെ വിവക്ഷിക്കുന്നു. "പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്" കർത്താവ് പ്രാർത്ഥിക്കുന്നു (യോഹ. 17:21). അതിനാൽ പിതാവും പുത്രനും നമ്മിൽ വസിക്കുന്നതു കൊണ്ട് നാം ഒരിക്കലും പിതാവും പുത്രനും ആകുകയില്ല എന്നും ഓർക്കണം.

പിതാവും പുത്രനും മാത്രമല്ല ദൈവത്തിന്റെ ദാനങ്ങളും ശക്തിയും നമ്മിൽ വസിക്കണം. ഒരു ക്രിസ്ത്യാനിയിൽ വസിക്കേണ്ടവ 1. ദൈവ വചനം (യോഹ. 5:38); 2. നിത്യജീവൻ (1 യോഹ. 3:15); 3. ദൈവ സ്നേഹം (1 യോഹ. 3:17); 4. സത്യം (1 യോഹ. 1:8); 5. ദൈവീക സാക്ഷ്യം (1 യോഹ. 5:10); 6. ദൈവീക അഭിഷേകം (1 യോഹ. 2:27); 7. ദൈവത്തിന്റെ വിത്ത് (1 യോഹ. 3:9); അതുപോലെ ഒരു ക്രിസ്ത്യാനി വസിക്കേണ്ട കാര്യങ്ങളുമുണ്ട്. 1. യേശുവിന്റെ വചനം (യോഹ. 8:31); 2. വെളിച്ചം (1 യോഹ. 2:10); 3. സ്നേഹം (യോഹ. 15:9, 10); 4. സത്യം

(1 യോഹ. 3:19); 5. ക്രിസ്തുവിന്റെ പഠിപ്പിക്കൽ (2 യോഹ. 9).

ഒരു ക്രിസ്ത്യാനി ക്രിസ്തുവിൽ വസിക്കുന്നു എന്നതിന് ഉത്തമ മാതൃക പിതാവ് പുത്രനിൽ വസിക്കുന്നതാണ്. പിരിക്കാൻ ആകാത്ത ബന്ധമാണത്. കൂടാതെ ഈ ബന്ധം ചലനാത്മകമാണ്. Divine indwelling is an intimate union that expresses itself in a way of life lived in love. (R.E. Brown) അങ്ങനെയുള്ളവർ കല്പനകൾ കാത്തുകൊള്ളും (യോഹ. 15:10). ലോകത്തിനെതിരേ പോരാടും (1 യോഹ. 2:16-17); അധികം ഫലം പുറപ്പെടുവിക്കും (യോഹ. 15:5). അതിനാൽ പാരസ്പരിക അധിവാസം ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണം തന്നെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹാദരങ്ങളോടെ,
**ജേക്കബച്ചൻ.**

---

# YFF CHARITY FEST 2017

Sharing our blessings with others

Charity Fest - 2017, an initiative to help the poor and the needy, organized by the Young Family Fellowship of the CSI M.M. Church was held on 13th of August 2017 at TJM Hall.

About 3.5 lakh rupees could be collected throught this event. We extend our heartfelt gratitude to all those who supported with their prayers, presence and participation.

The program was inaugurated by Mr. Martin Thomas, Managing Director, Favourite Homes, Thiruvananthapuram. Rev. D. Jacob, Presbyter -in-Charge of M.M. Church and President of YFF, Presided over the meeting. Presbyters, Rev. N. L. Praveen Raj and Rev. Y. Vijayadas were also present.

The highlight of the event was the photo exhibition on our church history.

The CEYF, the Men’s Fellowship and BCL Union participated through stalls. Choir members helped with auctioneering.

We once again thank each and every person who contributed towards this noble cause. We also request to continue supporting the YFF Charity Mission.

**Sen Edwin**
Secretary, YFF.



കർത്താവിൽ പ്രിയരെ,

സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി ആകയാൽ അതിൽ ഉറച്ചു നിൽപ്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപോകരുത് (ഗലാത്യ.5:1) എന്ന പൗലോസിന്റെ ദർശനം സ്വാതന്ത്ര്യം ദൈവദത്തമാണെന്നും, അതു സംരക്ഷിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ടെന്നും, വീണ്ടും അടിമത്വത്തിൽ വിധേയരാകരുതെന്നും, നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മൾ സ്വാതന്ത്ര്യം നേടി 70 കൊല്ലം പിന്നീടുമ്പോൾ പൗലോസിന്റെ ചിന്ത ഇന്നും പ്രസക്തമാണ്. അവിഭക്ത ഭാരതം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള രാഷ്ട്രപിതാവിന്റെ യത്നം നടക്കുമ്പോൾ കൊച്ചു തിരുവിതാംകൂർ രാജ്യം പോലും തനിച്ചു നിൽക്കാനുള്ള ശ്രമത്തിലായിരുന്നു. മഹാത്മാഗാന്ധിജിയുടെ സ്വാതന്ത്ര്യത്തിനായുള്ള പരിശ്രമങ്ങളിൽ ക്രൈസ്തവ നേതാക്കളുടെ നിർലോഭമായ പങ്കാളിത്തം ഉണ്ടായിരുന്നു എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമാണ്.

സ്നേഹത്തിന്റെ നിറവിലാണ് സ്വാതന്ത്ര്യം. സ്നേഹം ഉള്ളവർക്കേ സ്വാതന്ത്ര്യം കൊടുക്കാൻ കഴിയു. അതുകൊണ്ട് ദൈവമാണ് സ്നേഹം. നിന്നിലായിരിക്കുന്നതാണു സ്വാതന്ത്ര്യം. നീ ഇല്ലാത്ത അവസ്ഥയാണു അടിമത്തം. ഈ ആത്മീയ സ്വാതന്ത്ര്യം നമുക്കു അനുഭവിക്കാം. നമ്മളും സഭയായി ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

110-ാമത് എസ്.ഐ.യു.സി. സ്ഥാപക ദിനവും, സഭാനവീകരണത്തിന്റെ 500-ാം വാർഷികവും മഹായിടവകയായി നാം ആചരിച്ചത് തലസ്ഥാന നഗരിയിൽ ഒരു വേറിട്ട അനുഭവമായി. വൻ ജനാവലി തലസ്ഥാന നഗരിയിൽ എത്തിയെങ്കിലും യാതൊരുവിധ അനിഷ്ഠ സംഭവങ്ങളും ഉണ്ടാകാതെ സ്വയം നിയന്ത്രിച്ച് നടത്താൻ സാധിച്ചത് സഭയുടെ ക്രൈസ്തവ സാക്ഷ്യമായി.

മുൻ വർഷങ്ങളെപ്പോലെ യുവജനവാരം സി.ഇ.വൈ.എഫ്. സമുചിതമായി ആഘോഷിച്ചു. 06-08-2017 യുവജന ഞായറായി ആഘോഷിക്കയും ആരാധനയുടെ പ്രധാനഭാഗങ്ങൾ യുവജനങ്ങൾ ഏറ്റെടുത്തു നടത്തുകയും ഉണ്ടായി. മൂന്നു ദിവസം നീണ്ട കൺവെൻഷനിൽ മുഖ്യ അതിഥിയായ ശ്രീ. റെജി ജേക്കബിന്റെ വചന ശുശ്രൂഷ അനുഗ്രഹപ്രദമായി.

കാർഷിക വൃത്തിയുടെ മഹനീയത മലയാളിയുടെ മനസ്സിലുണർത്തിക്കൊണ്ട് ഒരു ചിങ്ങമാസം കൂടി ആഗതമായി. 'ഓണത്തിനു

ഒരു മുറം പച്ചക്കറി' എന്ന കേരള സർക്കാരിന്റെ പദ്ധതി തൽക്കാലം മാത്രം പോര. സ്ഥിരമായ ഒരു കാർഷിക സംസ്ക്കാരം രൂപപ്പെടുത്തി മാലിന്യ രഹിതവും വിഷമുക്തവുമായി നല്ല ഭക്ഷ്യ വസ്തുക്കൾ ഉല്പാദിപ്പിക്കാൻ നമുക്കു ശ്രമിക്കാം.

നാം പ്രവേശിക്കുന്ന പുതിയ മാസം നന്മയാൽ സംപുഷ്ടമാകാനും അതുവഴി ദൈവത്തോട് കൂടുതൽ അടുക്കാനും, ദൈവഹിതമനുസരിച്ച് ജീവിക്കുന്നതിനും, അതിലൂടെ നല്ല ഫലം പുറപ്പെടുവിക്കുന്നതുമായിത്തീരാൻ ദൈവം നമുക്കു കൃപ ചെയ്യട്ടെ.

സസ്നേഹം

**പ്രൊഫ. ഒളിവർ എ. മെയിസൻ**

സെക്രട്ടറി.

---

## ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ
## 2 ദിന.10–18

1. രെഹബെയാം രാജാവിൻെറ കാലത്തു ആരായിരുന്നു മിസ്രയീമിലെ രാജാവ്?
2. "നിങ്ങൾ യഹോവയോടുകൂടെ ഇരിക്കുന്നേടത്തോളം അവൻ നിങ്ങളോടുകൂടെ ഇരിക്കും; അവനെ അന്വേഷിക്കുന്നു എങ്കിൽ നിങ്ങൾ അവനെ കണ്ടെത്തും; ഉപേക്ഷിക്കുന്നു എങ്കിലോ അവൻ നിങ്ങളേയും ഉപേക്ഷിക്കും". ആരു ആരോടു പറഞ്ഞു?
3. വൃദ്ധൻന്മാർ തന്നോടു പറഞ്ഞ ആലോചന തൃജിച്ചു, യൌവനക്കാരോടു ആലോചിച്ചതു ആരു?
4. ആസായുടെ കാലത്തു എത്ര സംവത്സരം ദേശത്തിന്നു സ്വസ്ഥത ഉണ്ടായി?
5. അബീയാവിൻെറ അമ്മ?
6. അബീയാവിനോടും അവൻെറ ജനത്തോടും യുദ്ധം ചെയ്തു ഹതന്മാരായി വീണ യിസ്രായേലിലെ ശ്രേഷ്ഠയോദ്ധാക്കൾ എത്ര?
7. താൻ ഉണ്ടാക്കിയ പൂജാഗിരികൾക്കും മേഷവിഗ്രഹങ്ങൾക്കും കാളക്കുട്ടികൾക്കും വേറെ പുരോഹിതന്മാരെ നിയമിച്ചതാര്?
8. അരാബ്യർ ഏഴായിരത്തെഴുനൂറു ആട്ടുകൊറ്റനും ഏഴായിരത്തെഴുന്നൂറു വെള്ളാട്ടുകൊറ്റനുമുള്ള ആട്ടിൻക്കൂട്ടത്തെ കൊണ്ടുവന്നതാർക്കു വേണ്ടി?
9. ഉഗ്രകോപം നിമിത്തം ആസാ കാരാഗൃഹത്തിലാക്കിയതാരെ? ഇരുമ്പുകൊണ്ടു കൊമ്പുണ്ടാക്കിയതാര്?

# ജീവിതത്തിലെ കൊടുങ്കാറ്റുകൾ



## റ്റി. ജയകുമാർ ആൽഫ്രഡ്

അ.പ്ര. 27:18, 19 & 38. "അവർ കൊടുങ്കാറ്റിനാൽ അത്യന്തം വലയുക കൊണ്ട് പിറ്റേന്ന് അവർ ചരക്ക് പുറത്തുകളഞ്ഞു. മൂന്നാം നാൾ അവർ സ്വന്ത കയ്യാൽ കപ്പൽക്കോപ്പും കടലിൽ ഇട്ടുകളഞ്ഞു" "അവർ തിന്നു തൃപ്തി വന്നശേഷം ധാന്യം കടലിൽ കളഞ്ഞു കപ്പലിന്റെ ഭാരം കുറച്ചു".

അഗ്രിപ്പാ രാജാവ് കൈസര്യയിൽ വെച്ച് പൗലോസിനെ സുവിശേഷം പ്രസംഗിച്ചതിന്റെ പേരിൽ വിസ്താരം നടത്തുന്ന ഭാഗം അപ്പോസ്തല പ്രവർത്തികൾ 26-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. രാജാവും, ദേശാധിപതിയും, മറ്റു ഭരണാധികാരികളും ഈ മനുഷ്യൻ മരണത്തിനോ, ചങ്ങലയ്ക്കോ യോഗ്യമായത് ഒന്നും ചെയ്തിട്ടില്ല എന്ന് തീർപ്പ് കല്പിച്ച ശേഷം കപ്പൽ കയറി ഇതല്യാദേശം വഴി റോമിലേക്ക് പോകുവാൻ അധികാരം കൊടുത്തു. കപ്പലിൽ കൂടെ യാത്ര ചെയ്യുവാൻ ചില തടവുകാരും, ഔഗുസ്ത്യാ പട്ടാളത്തിലെ ശതാധിപനായ യൂലിയൊസും ഉണ്ടായിരുന്നു. ആകെ 276 യാത്രക്കാർ. വളരെ ദുഷ്കരമായ ഒരു യാത്രയായിരുന്നു അത്. പ്രതികൂലമായ കാലാവസ്ഥ തരണം ചെയ്തുകൊണ്ട് കപ്പൽ 'ശുഭ തുറമുഖം' എന്ന സ്ഥലത്തെത്തി. 14 ദിവസത്തെ യാത്രയിൽ 'ഈശാനുമൂലൻ' എന്ന കൊടുങ്കാറ്റ് ആഞ്ഞടിച്ചുകൊണ്ടിരുന്നു. കപ്പലിനും ചരക്കിനും ആളുകൾക്കും എന്താണ് സംഭവിക്കുവാൻ പോകുന്നത് എന്നറിയാതെ പൗലോസ് ആകെ ഭയപ്പെട്ടു. അവസാനം മെലീത്ത എന്ന ദ്വീപിൽ കപ്പൽ സുരക്ഷിതമായി എത്തിച്ചേർന്നു. കരയിൽ എല്ലാപേരും ഇറങ്ങി. മരണത്തിൽ നിന്നും രക്ഷപ്രാപിച്ചു.

മനുഷ്യജീവിതം ഒരു കൊടുങ്കാറ്റിന് തുല്യമാണ്. കഷ്ടവും, പ്രയാസവും, രോഗങ്ങളും, മരണവും, ശത്രുക്കളിൽ നിന്നുള്ള എതിർപ്പുകളുമെല്ലാം മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആത്മഹത്യകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഭാര്യയ്ക്ക് ഭർത്താവിനെ വിശ്വാസമില്ല. ഭർത്താവിന് ഭാര്യയെ വിശ്വാസമില്ല. മക്കളാണെങ്കിൽ മാതാപിതാക്കളെ അനുസരിക്കുന്നുമില്ല. രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണമാണെങ്കിൽ വർദ്ധിച്ചുകൊണ്ടി

രിക്കുന്നു. ഒരിടത്തും ആർക്കും ഒരു സമാധാനമില്ലാത്ത അവസ്ഥ. കൊടുങ്കാറ്റുപോലെയാണ് നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നത്.

എന്തുകൊണ്ടാണ് ദൈവം മനുഷ്യരെ ഈ വിധത്തിൽ ശോധന ചെയ്തുകൊണ്ടിരിക്കുന്നത്? ഈ വിഷയവുമായി ബന്ധപ്പെട്ട് 3 കാര്യങ്ങൾ ചുരുക്കമായി നമുക്ക് ചിന്തിക്കാം.

1. **ജീവിതത്തിൽ ത്യജിക്കേണ്ട പലതും ത്യജിക്കുന്നതിലേക്കായി ദൈവം കൊടുങ്കാറ്റയക്കുന്നു.**

നാം ചിന്തിക്കുന്ന കുറിവാക്യം ഒന്ന് പരിശോധിക്കുക. കൊടുങ്കാറ്റിൽ വലഞ്ഞ സമയം അവർ കപ്പലിലെ ചരക്കുകൾ വലിച്ചെറിഞ്ഞ് ഭാരം കുറച്ചു. മനുഷ്യജീവിതത്തിൽ കൊടുങ്കാറ്റുകൾ വരുമ്പോൾ നമ്മുടെ ജീവിതത്തിൽ നിന്നും ഉപേക്ഷിക്കേണ്ട കാര്യങ്ങൾ ഉപേക്ഷിക്കണം. നമ്മുടെ ഹൃദയത്തിൽ കുടികൊണ്ടിരിക്കുന്ന പാപങ്ങൾ ഉപേക്ഷിക്കേണ്ടതാണ്. പലവിധത്തിലുള്ള പാപങ്ങൾ മൂലം നമ്മുടെ ജീവിതം അശുദ്ധിയും ഭാരമുള്ളതുമായിത്തീർന്നിരിക്കുന്നു. യേശു പറഞ്ഞു: "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (മാർക്കോസ് 8:34). ത്യജിക്കേണ്ടതായ പാപങ്ങൾ ത്യജിച്ചശേഷം യേശുവിനെ അനുഗമിക്കണം. പാപത്തെ തലോടി വളർത്തി ജീവിക്കുന്ന അനേകം ക്രൈസ്തവർ ഇന്ന് ലോകത്തിലുണ്ട്. പലവിധത്തിലുള്ള ദുശ്ശീലങ്ങൾ നമ്മിൽ പലരിലും കുടികൊണ്ടിരിക്കുന്നു. ഇതൊന്നും ത്യജിക്കുവാൻ നാം ഒരുക്കമല്ല. അതുനിമിത്തം കഷ്ടതയും, രോഗവും, മരണവും ഉണ്ടാകുന്നു. വേദവചനം പറയുന്നത് 'പാപത്തിന്റെ ശമ്പളം മരണമെന്നാണ്. അതുകൊണ്ട് പ്രിയ ദൈവമക്കളേ, ത്യജിക്കേണ്ടതായ പാപങ്ങൾ ത്യജിച്ച് നമ്മുടെ ഹൃദയത്തിന്റെ ഭാരം കുറയ്ക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. ദൈവത്തിന് ഹിതകരമായ ജീവിതം നയിക്കുവാൻ നാം ശ്രമിക്കണം. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ ജീവിതത്തിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകൾക്ക് ശമനം ഉണ്ടാകും. ഒരു തട്ടാന്റെ (Gold Smith) കൈയ്യിൽ വെള്ളിയും സ്വർണവും കിട്ടിയാൽ അവയെ തീയിലിട്ട് ശുദ്ധീകരിച്ച് മനോഹരങ്ങളായ ആഭരണങ്ങളാക്കി മാറ്റുന്നതുപോലെ നമ്മുടെ ജീവിതത്തിലെ പാപമാകുന്ന മാലിന്യങ്ങളെ യേശുവിന്റെ കൈയ്യിൽ ഏല്പിക്കുക. യേശു നമ്മുടെ ജീവിതത്തെ ശുദ്ധീകരിച്ച് തന്റെ ആയുധങ്ങളാക്കി മാറ്റും. അപ്പോൾ നമ്മുടെ ജീവിതം സമാധാനപൂർണ്ണമുള്ള

തായിത്തീരും. ചില ആളുകൾക്ക് കൂടുതൽ ധനവും, സമ്പത്തും ശേഖ രിച്ച് വെയ്ക്കുന്നത് സന്തോഷകരമായ ഒരു കാര്യമാണ്. അതു മുഖാ ന്തരം രോഗങ്ങളും പ്രയാസങ്ങളും അങ്ങനെയുള്ള കുടുംബങ്ങളിൽ വർദ്ധിച്ചു കൊണ്ടിരിക്കും. അവ ത്യജിക്കുവാൻ ഇങ്ങനെയുള്ളവർ തയ്യാറല്ല. ആവശ്യത്തിന് നമുക്ക് ധനം വേണം. കൂടുതലുള്ളത് ഇല്ലാ ത്തവന് കൊടുത്ത് സംതൃപ്തി നേടുവാൻ ശ്രമിക്കണം. ഒരു ധനിക നായ മനുഷ്യൻ കളപ്പുരയിൽ എല്ലാം കൂട്ടി വെച്ചിട്ട് തന്നോടുതന്നെ ചോദിച്ച സംഭവം വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് നമു ക്കറിയാം. അങ്ങനെയുള്ള മനുഷ്യനോട് ദൈവം മുന്നറിയിപ്പ് നല്കി യത് എന്താണ്? മൂഢാ ഇന്ന് രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും. പിന്നെ നീ കൂട്ടി വച്ചത് ആർക്ക് ആകും (ലൂക്കോസ് 12:20). ആവശ്യത്തിലധികമായ ധനം ജീവിതത്തിന്റെ ഭാരം കൂട്ടും. അതു മൂലം മനുഷ്യർ സമാധാനമില്ലാത്തവരായിത്തീരും. ആയതിനാൽ കളയേണ്ട തിനെ കളഞ്ഞ് ഭാരം ലഘുവാക്കുക. അപ്പോൾ ജീവിതയാത്ര സന്തോ ഷപ്രദമായ ഒന്നായി മാറും. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നതും അതുതന്നെയാണ്.

**2. നാം ദൈവത്തോട് അടുക്കുന്നതിലേക്കായി കൊടുങ്കാറ്റുകൾ ജീവിതത്തിൽ ദൈവം തരുന്നു.**

വേദഭാഗം ശ്രദ്ധിക്കുക. കപ്പലിൽ ആകെ 276 യാത്രക്കാരാണ് ഉണ്ടായിരുന്നത്. അവരിൽ അധികം പേരും തടവുകാരും ജീവിതത്തിൽ ഒരിയ്ക്കൽ പോലും പ്രാർത്ഥിക്കാത്തവരുമായിരുന്നു. എന്നാൽ കപ്പൽ അപകടത്തിലാണെന്നറിഞ്ഞപ്പോൾ അവർ ദൈവത്തോട് നിലവിളിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. നമ്മുടെ അവസ്ഥയും ഇതല്ലേ? ആവശ്യ ത്തിനുമാത്രം ദൈവത്തോട് സമീപിക്കുന്ന ക്രിസ്ത്യാനികൾ. കുടുംബ ങ്ങളിൽ കടബാദ്ധ്യതകളും, രോഗങ്ങളും മറ്റു വിവിധങ്ങളായ പ്രശ്ന ങ്ങളും വരുമ്പോൾ മാത്രം നാം ദൈവത്തോട് നിലവിളിച്ച് പ്രാർത്ഥിക്കും. അല്ലാത്ത സമയം ദൈവത്തെ മറന്നുള്ള ജീവിതം. സൗഭാഗ്യകാലത്ത് നമുക്ക് ദൈവത്തെ ആവശ്യമില്ല. കഷ്ടകാലം വരുമ്പോൾ മാത്രം പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനികൾ. കഷ്ടപ്പാടുകൾ ദൈവം നമുക്ക് നല്കു ന്നത് ദൈവവുമായി കൂടുതൽ സമ്പർക്കം പുലർത്തുന്നതിനുവേണ്ടി യാണെന്നുള്ള വസ്തുത നാം മറന്നുപോകരുത്. യേശു പറഞ്ഞു: “മടുത്തു പോകാതെ നിങ്ങൾ പ്രാർത്ഥിപ്പിൻ”. ദൈവവുമായി അടുക്കു ന്നതിലേക്കുള്ള ഒരു മാർഗ്ഗമാണ് പ്രാർത്ഥന. മനുഷ്യനും സ്വർഗ്ഗവും

തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ് പ്രാർത്ഥന. അതുപോലെ യാണ് നമ്മുടെ ആരാധനയും. കുടുംബാരാധനയ്ക്കും, ആലയത്തിലെ ആരാധനയ്ക്കും പ്രാധാന്യം കൊടുക്കേണ്ടത് ഏറ്റവും അത്യാവശ്യമായ കാര്യങ്ങളാണ്. നിർഭാഗ്യവശാൽ ഇന്നത്തെ യുവതലമുറയ്ക്ക് ഇങ്ങ നെയുള്ള ആരാധനകളിൽ ഒരു താല്പര്യവുമില്ലാതെ ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നു. ഇന്നത്തെ ആധുനിക ലോകത്തിൽ മൊബൈൽ ഫോണും, ടി.വി. യുമൊക്കെ വെച്ചുകൊണ്ട് മോശമായ പരിപാടികൾ കണ്ട് ഹീന പ്രവർത്തികളിലേക്കു പോകുന്നതിലേക്ക് മാത്രമാണ് പലരും സമയം കണ്ടെത്തുന്നത്. ഇതു മുഖാന്തരം അങ്ങനെയുള്ളവരുടെ ജീവിതം പ്രശ്നങ്ങൾ നിറഞ്ഞതായി മാറുന്നു എന്നുമാത്രമല്ല ജീവിതം തന്നെ ഒരു അപകടകരമായ അവസ്ഥയിലോട്ടാണ് നീങ്ങുകയും ചെയ്യു ന്നത് എന്നുള്ള സത്യം മനസ്സിലാക്കേണ്ടതാണ്. ഇങ്ങനെയുള്ളവ രുടെമേൽ ദൈവം കഷ്ടതയാകുന്ന കൊടുങ്കാറ്റ് അയയ്ക്കും. ആപ ത്തുകളും കഷ്ടങ്ങളും ദൈവത്തോട് അടുക്കുവാൻ ദൈവം നല്കുന്ന കൊടുങ്കാറ്റുകളാണ്. കഷ്ടതയാകുന്ന കൊടുങ്കാറ്റുകൾ മനുഷ്യനെ ദൈവ ത്തിങ്കലേക്ക് വലിച്ചിഴയ്ക്കുന്ന ഒന്നാണെന്നുള്ള സത്യം നാം മനസ്സി ലാക്കണം.

**3. വിശ്വാസത്തിന്റെ ശോധനയ്ക്കായി ദൈവം നമ്മുടെ ജീവിതത്തിൽ കൊടുങ്കാറ്റുകളെ അയയ്ക്കുന്നു.**

പൗലോസിന്റെ കൈയ്യിൽ അണലി ചുറ്റിയപ്പോൾ ദ്വീപുവാസി കളുടെ സാക്ഷ്യം എന്തായിരുന്നു? ഇവൻ സാക്ഷാൽ ദേവൻ എന്ന് അവർ പറഞ്ഞു. (അ.പ്ര. 28:1-6). പലപ്പോഴും കഷ്ടങ്ങൾ ദൈവം നമുക്ക് തരുന്നത് നാം വിശ്വാസത്തിൽ എത്രമാത്രം പിടിച്ചു നില്ക്കുന്നു എന്ന് പരിശോധിക്കുവാൻ വേണ്ടിയാണ്. നാം ദൈവമക്കളാണെന്ന് സാക്ഷീ കരിക്കുന്നതിലേക്കായി ദൈവം നമ്മെ പരീക്ഷിക്കുന്നു. കഷ്ടങ്ങൾ വഹി ക്കുന്ന രീതി കണ്ട് നാം ദൈവമക്കളാണെന്ന് മറ്റുള്ളവർ നമ്മെക്കുറിച്ച് സാക്ഷ്യം പറയണം. ചില ക്രൈസ്തവർ അവരുടെ ജീവിതത്തിൽ എത്ര ത്തോളം കഷ്ടപ്പാടുകൾ വന്നാലും പ്രസന്നവദരായി ചിരിക്കുന്ന മുഖ ത്തോടെ പെരുമാറുന്നത് കാണാൻ കഴിയും. ഈ കഷ്ടപ്പാടുകൾ താല്ക്കാലികമാണെന്നും ഇതിൽ നിന്നെല്ലാം ഒരു വിടുതൽ ഒരു നാളിൽ ലഭിക്കുമെന്ന പ്രത്യാശയോടും ജീവിക്കുന്നവരാണ് ഇങ്ങനെയുള്ള ആളു കൾ. ഇയ്യോബിന്റെ ചരിത്രം പരിശോധിക്കുക. ഇയ്യോബ് എത്രമാത്രം കഷ്ടം സഹിച്ചു. അവന് എല്ലാം നഷ്ടപ്പെട്ടു. തന്റെ ധനവും, സമ്പ

ത്തും, മക്കളും ആടുമാടുകളും എല്ലാം നശിച്ചു. അവസാനം ശരീരം മുഴുവൻ വ്യണം പിടിച്ചു. എന്നിട്ടും ഇയ്യോബ് ദൈവത്തെ കൈവിട്ടില്ല. അതുകൊണ്ട് ദൈവം അവസാനം ഇയ്യോബിനെ അനുഗ്രഹിച്ചു. അവന്റെ ഉള്ളിൽ നിന്നും പൊട്ടിയ ജയത്തിന്റെ ധ്വനി ഇതായിരുന്നു. "നഗ്നനായി ഞാൻ ഈ ലോകത്തിൽ ജനിച്ചു, നഗ്നനായി ഈ ലോകം വിട്ടുപോകേണ്ടവനാണ്. കർത്താവു തന്നു, കർത്താവ് എടുത്തു, കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ". ഈ സാക്ഷ്യമാണ് നമുക്കാവശ്യം. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ നേരിടുന്ന കഷ്ടങ്ങളും ക്ലേശങ്ങളും തന്റെ വിശ്വാസത്തിന്റെ പരിശോധനയ്ക്കായും അതിന്റെ ഉറപ്പിനായും ദൈവം അയയ്ക്കുന്നവയാണ് എന്നുള്ള ബോധം ഉണ്ടായിരിക്കണം. ഇതിനെയെല്ലാം അതിജീവിച്ച് ഇയ്യോബിനെപ്പോലെ വിശ്വാസ ജീവിതത്തിൽ അടിയുറച്ച് ജീവിക്കുവാൻ ശ്രമിക്കണം. നാം പലപ്പോഴും പാടാറില്ലേ? "എന്തു നീ കല്പിച്ചീടുന്നോ, എല്ലാം എനിക്കാശീർവാദം". നാം ഇപ്രകാരം പാടിയാൽ മാത്രം പോരാ. നമ്മുടെ പ്രായോഗിക ജീവിതത്തിൽ അത് പ്രകടമാകണം. കുടുംബത്തിൽ നാം ചിലപ്പോൾ ഒറ്റപ്പെട്ടുപോയി എന്ന തോന്നൽ നമുക്ക് ചിലപ്പോൾ ഉണ്ടായേക്കാം. ചില അവസരങ്ങളിൽ ആരും നമ്മെ സഹായിക്കുവാൻ കാണുകയില്ല. ഈ അവസ്ഥയിൽ ദൈവത്തോട് കൂടുതൽ അടുക്കുകയും യേശു കർത്താവിനെ മുറുകെപ്പിടിക്കുകയും ചെയ്യണം. അപ്പോൾ നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങൾ മാറുകയും സന്തോഷമുള്ളവരായിത്തീരുകയും ചെയ്യും.

കൊടുങ്കാറ്റുകൾ നമ്മുടെ നന്മയ്ക്കായിട്ട് ദൈവം അയയ്ക്കുന്നതാണെന്നുള്ള സത്യം നാം പലപ്പോഴും മനസ്സിലാക്കുന്നില്ല. ഒരു കൊച്ചു കുട്ടി ഒരിയ്ക്കൽ ലണ്ടൻ പട്ടണത്തിലെ ഒരു തെരുവിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ സംഭവം നടക്കുന്നത് രണ്ടാം ലോകമഹായുദ്ധം നടക്കുന്ന അവസരത്തിലാണ്. ഈ സമയം വീടിനു പുറത്ത് റോഡുകളിൽ ബോംബ് വർഷിക്കുന്നതിന്റെ ശബ്ദം കേൾക്കാമായിരുന്നു. അപകടം മണത്തറിഞ്ഞ ആ കുഞ്ഞിന്റെ മാതാവ് പെട്ടെന്ന് ഓടി വന്ന് കുഞ്ഞിനെ വീടിനുള്ളിലേക്ക് എടുത്തുകൊണ്ടു പോയി. കാര്യം മനസ്സിലാക്കാത്ത ഈ കൊച്ചു പൈതൽ കരയാൻ തുടങ്ങി. വീണ്ടും വെളിയിൽ വന്ന് കളിക്കുവാൻ ശാഠ്യം പിടിച്ചു. എന്നാൽ മാതാവ് വരാൻ പോകുന്ന അപകടം മനസ്സിലാക്കി അതിൽ നിന്നും കുഞ്ഞിനെ പിന്തിരിപ്പിച്ചു. എന്നാൽ എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് ആ

പേജ് 22 കാണുക

# നാം സ്വതന്ത്രരോ പാരതന്ത്ര്യത്തിൻ തടവറയിലോ?



ഡോ. ക്രിസ്റ്റൺസൺ ഇ. സാരസം

ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ട സ്വതന്ത്രഭാരതത്തിന്റെ എഴുപത്തി ഒന്നാം പിറന്നാളാഘോഷ വേളയാണല്ലോ ഇത്. രാഷ്ട്രീയ സ്വാതന്ത്ര്യം കൊണ്ടുമാത്രം ആരും സ്വതന്ത്രരാകുന്നില്ല. *"പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും" (യോഹ. 8:36). സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ നീണ്ട ചരിത്രമാണ് സ്വാതന്ത്ര്യദിനം നമ്മെ ഓർമ്മിപ്പിക്കുന്നത്.* **പാപത്തിന്റെ അടിമത്തത്തിൽ നിന്നും ക്രിസ്തു നമ്മെ സ്വതന്ത്ര്യരാക്കിയതിന്റെ പിന്നിൽ ബോധപൂർവ്വമായ ഒരു ബലിയുടെ ചരിത്രമുണ്ട്. കാൽവരി ക്രൂശിലെ ദിവ്യബലി.**

ശാപത്തെയും മരണത്തെയും കീഴടക്കി പ്രത്യാശയുടെയും ഉയിർത്തെഴുന്നേല്പിന്റെയും വിജയക്കൊടി നാട്ടിയ ക്രിസ്തുനാഥന്റെ ഊഷ്മള സ്മരണയുടെ മാധുര്യം നാം അയവിറക്കുന്നു. സ്വാതന്ത്ര്യ സമര സഹനങ്ങൾ ത്യാഗപൂർണ്ണമായിരുന്നു എന്ന കാര്യം നാം വിസ്മരിക്കുന്നില്ല. വിയർപ്പും ചോരയും ജീവനും നല്കി സ്വാതന്ത്ര്യം നേടിത്തന്ന അസംഖ്യം സമരസേനാനികളോട് നമ്മുക്ക് അകമഴിഞ്ഞ നന്ദിയും കടപ്പാടുമുണ്ട്. മാത്രമോ, ലഭ്യമായിരിക്കുന്ന സ്വാതന്ത്ര്യം നിലനിർത്തുന്നതിൽ നമുക്കുള്ള ഉത്തരവാദിത്തവും അവഗണിക്കാൻ പാടില്ല. *"സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നില്പിൻ. അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്"* (ഗലാത്യർ 5:1).

നമ്മുടെ രാജ്യം സാമ്രാജ്യ അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ 71-ാം വാർഷികം ആഘോഷിക്കുന്ന ഈ കാലഘട്ടത്തും യഥാർത്ഥ സ്വാതന്ത്ര്യം ഒരു മരീചികയായി തന്നെ അവശേഷിക്കുന്നു. മനുഷ്യന്റെ സ്വതന്ത്ര്യത്തിനുവേണ്ടി അക്രമാസക്തമായും അഹിംസാ സംബന്ധമായും നിരവധി പ്രക്ഷോഭ സമര സംരംഭങ്ങൾ കാലാകാലങ്ങളിൽ ലോകത്തിൽ നടന്നിട്ടുണ്ടെങ്കിലും, സ്ഥായിയായ സ്വാതന്ത്ര്യം പ്രദാനം ചെയ്യുവാൻ ഇവയ്ക്കൊന്നും കഴിഞ്ഞിട്ടില്ല. കാരണം അതൊന്നും ക്രിസ്തുകേന്ദ്രീകൃതമായിരുന്നില്ല. *ക്രിസ്തുവിലുള്ള*

*സ്വാതന്ത്ര്യം സ്വയം ത്യജിക്കാനുള്ള സ്വാതന്ത്ര്യമാണ്. കരുതലിന്റേതാണ്; പങ്കുവയ്ക്കാനുള്ളതാണ്. മുറിവേറ്റും ബന്ധിതരായും കഴിയുന്നവരെ സ്വതന്ത്രരാക്കുന്നതാണ്.* സഹോദരൻ തടവിലായിരിക്കുമ്പോൾ നാം സ്വതന്ത്രരെന്ന് പറയാനാവില്ല. ദേഹം ദേഹി ആത്മാവിലും സാമൂഹ്യ സാമ്പത്തിക മേഖലകളിലും അധപ്പതിച്ച് നെടുവീർപ്പിടുന്ന അസംഖ്യം ജനങ്ങൾ നമ്മുടെ സമൂഹത്തിന്റെ നേർകാഴ്ചയാണ്. ഇത്തരം ബന്ധനങ്ങളെ തകർത്ത് സമസൃഷ്ടങ്ങളെ ക്രിസ്തുമൂലം മോചിപ്പിക്കാൻ അർത്ഥപൂർണ്ണമായ സ്വാതന്ത്ര്യം ഉള്ളവരായി പ്രവർത്തിക്കാൻ നമ്മുടെ രക്ഷിതാവ് നമ്മെ ക്ഷണിക്കുന്നു. *"കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട്"* (2 കൊരിന്ത്യർ 3:17). സമഗ്ര വികസനം എന്ന മുദ്രാവാക്യവുമായി സ്വതന്ത്ര ഭാരത ജന്മദിനാഘോഷത്തിൽ നാം പങ്കെടുക്കുമ്പോഴും നാം യഥാർത്ഥത്തിൽ സ്വതന്ത്രരാണോ എന്ന ചോദ്യം മുൻവർഷങ്ങളേക്കാൾ ഏറെ പ്രസക്തമായി അവശേഷിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ സ്വതന്ത്രചിന്തകൾ നമ്മുടെ ഉള്ളറകളിൽ അലയടിക്കുമ്പോഴും നിയന്ത്രണങ്ങൾക്ക് വിധേയമായ സ്വാതന്ത്ര്യം നമുക്ക് അത്യന്താപേക്ഷിതമാണെന്ന് നാം ഓർത്തിരിക്കണം. *സ്വാതന്ത്ര്യം എന്നാൽ ആത്മനിയന്ത്രണത്തോടും ശിക്ഷണഭാവത്തോടും പ്രവർത്തിക്കുക എന്നാണ് അർത്ഥം. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം അപകടകരമാണ്.* ചുമതലകളിൽ നിന്നും ഓടിയൊളിക്കാനോ അന്യായമാർഗ്ഗങ്ങളിലൂടെ പരിഹാരം കാണാനോ ഈ സ്വാതന്ത്ര്യം നമ്മെ അനുവദിക്കുന്നില്ല. *"സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്തിൽ അന്യോന്യം സേവിപ്പിൻ"* (ഗലാത്യർ 5:13). കൗതുകകരമായ വിനോദവും കാഴ്ചയുമാണ് പട്ടം പറപ്പിക്കൽ. പട്ടത്തിന്റെ ചരടു പിടിച്ചിരിക്കുന്ന ആളിന്റെ കൈകളുടെ ചലനമനുസരിച്ചാണ് ഇത് സാദ്ധ്യമാകുന്നത്. ഇടയ്ക്കിടയ്ക്ക് താഴേക്ക് വലിക്കുകയും വെട്ടിക്കുകയും ചെയ്യുന്നതുകൊണ്ട് പട്ടം മുകളിലേക്ക് ഉയർന്ന് പറക്കുന്നു. ചരടുകൊണ്ട് കെട്ടിയിടുന്നതും നിയന്ത്രിക്കുന്നതും എനിക്കിഷ്ടമില്ല എന്ന് പട്ടം ചിന്തിച്ചിട്ട് കാര്യമില്ല. പട്ടത്തെ നിയന്ത്രിക്കുന്ന ചരട് പെട്ടെന്ന് പൊട്ടിപ്പോയി എന്നിരിക്കട്ടെ. നിയന്ത്രണം വിട്ട്, കാറ്റിൽ പിടിച്ചു നില്ക്കാനാവാതെ പട്ടം താഴേയ്ക്ക് പതിക്കുന്നു. ദുരിതപൂർണ്ണമായ അന്ത്യം സംഭവിക്കുന്നു. ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമേ സാക്ഷാൽ സ്വാതന്ത്ര്യം അനുഭവിക്കാനും നിലനിർത്താനും കഴിയുകയു

# Youth Week Celebrations - 2017










YOUTH
CONVENTI






194
189
S -
238




. CHURCH
UR YOUTH
HIP



CEYF Retreat 2017 @ Rameswaram

ള്ളൂ. അതുകൊണ്ട്, *"സ്വാതന്ത്രരായും, സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ"* (1 പത്രൊസ് 2:16).

ഭാരതം സ്വാതന്ത്ര്യത്തിന്റെ ഒരു വർഷം കൂടി പിന്നിടുമ്പോൾ, സാമ്പത്തികമായും സാംസ്കാരികമായും നമ്മുടെ രാജ്യം ഏറെ മുന്നോട്ടു പോയി. ഇന്ത്യയെ ഒരു വികസിത രാഷ്ട്രമായി മാറ്റിയെടുക്കുന്നതിനുള്ള അക്ഷീണ പരിശ്രമത്തിലാണ് നമ്മുടെ ഭരണകർത്താക്കൾ. എന്നാൽ, എത്ര കോടി ജനങ്ങളാണ് അർഹമായത് ലഭിക്കാതെ നിസ്സഹായരായി ജീവിച്ചു പോരുന്നത്. ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടു പോലെയും കവിഞ്ഞൊഴുകി എത്തേണ്ടത് സമൂഹത്തിലെ താഴെക്കിടയിൽ വസിക്കുന്നവരുടെ ഇടത്തേക്കായിരിക്കണം. സമൂഹവും രാഷ്ട്രവും ഇടവകയും സഭയും എല്ലാം സ്വാതന്ത്ര്യത്തിന്റെ വക്താക്കൾ ആകുന്നത് പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് അർഹമായത് ലഭിക്കുമ്പോഴാണ്. അവരെ ദൈവരാജ്യത്തിന്റെ അവകാശികളും അനുഭവസ്ഥരും ആക്കിത്തീർക്കാൻ സഭ ഒന്നടങ്കം പരിശ്രമിക്കണം. **ക്രിസ്തുമാർഗ്ഗത്തെ ഒരു മതമായി പരിമിതപ്പെടുത്തിയിരിക്കുന്ന ഇന്നത്തെ ക്രിസ്തീയ സഭയ്ക്കും സ്വാതന്ത്ര്യം അനിവാര്യമാണ്.** വ്യവസ്ഥാപിത സഭാ നേതൃത്വത്തിന്റെ നാമധേയത്വ നിലപാടുകളിലും സമീപനങ്ങളിലും മനോഭാവങ്ങളിലും സമൂലമായ രൂപാന്തരം സംഭവിക്കണം. മതത്തിന്റെ ഭക്തി കൈവെടിഞ്ഞ് ആത്മാവിന്റെ ശക്തി പ്രാപിച്ചേ മതിയാകൂ. ക്രിസ്തു ഒരുവന്റെ ജീവിതത്തിലേക്ക് ഉയിർത്തെഴുന്നേല്പിൻ ശക്തിയിൽ പ്രവേശിച്ചു കഴിയുമ്പോൾ ആ വ്യക്തി പുരോഹിത ശുശ്രൂഷക്കായി വിളിക്കപ്പെടുകയാണ്, നിയോഗിക്കപ്പെടുകയാണ്. പുരോഹിതൻ എന്നാൽ, പാലം പണിയുന്നവൻ, ഇടനില നിൽക്കുന്നവൻ, മദ്ധ്യസ്ഥൻ ഏന്നൊക്കെ അർത്ഥമാക്കുന്നു" *"നിങ്ങളോ.... രാജകീയ പുരോഹിത വർഗ്ഗവും ആകുന്നു"* (1 പത്രൊസ് 2:9). ആദിമ ക്രൈസ്തവ സഭയിലെ വിശ്വാസികൾ എല്ലാവരും പുരോഹിത ശുശ്രൂഷ നിർവ്വഹിച്ചിരുന്നു. എന്നാൽ ഉന്നോ അതെപ്പറ്റി അറിവില്ലാത്തവരായി വർത്തിക്കുന്നു. വേദപുസ്തകത്തിന്റെ പഠിപ്പിക്കലുകൾക്ക് വിരുദ്ധമായാണ് സഭകളുടെ പോക്ക് എന്ന് അതിശക്തമായ ഭാഷയിൽ 95 വിഷയങ്ങൾ കാണിച്ച് മാർട്ടിൻ ലൂഥർ പരസ്യ പ്രഖ്യാപനത്തിലൂടെ വെല്ലുവിളിച്ച് സഭയുടെ കണ്ണുതുറപ്പിച്ചതിന്റെ (പ്രൊട്ടസ്റ്റന്റ് റിഫർമേഷന്റെ) 500-ാം പിറന്നാൾ വാർഷികം ആഘോഷിക്കുന്ന ഈ വർഷത്തിൽ (1517 - 2017) ക്രിസ്തുമത സേവയിൽ നിന്നും നമുക്ക് സ്വതന്ത്രരാകാം; ദൈവരാജ്യ നിർമ്മിതിയിൽ പങ്കുചേരാം. ⁂

# A MIGHTY FORTRESS IS OUR GOD

D. Livingstone Nesaraj

As we observe and celebrate the 500th year of the Protestant Reformation, it would be worthwhile to give some thought to a unique hymn which has been termed as the ‘single most powerful hymn of the Protestant Reformation Movement’. “A Mighty Fortress is Our God”, written and composed by Martin Luther, the architect of Reformation, has helped to spread his teachings more effectively than any of his writings or speeches.Alluding to Luther’s hymns, even his enemies said: “The whole people are singing themselves into his doctrine”. Songs appeal to the heart, and are well remembered than speeches or pamphlets, and the messages embedded in them unwittingly influence our thoughts.

Martin Luther(1483 - 1546), who started his career as an Augustinian monk, served in the All Saints Church, Wittenberg in Germany, and also as the professor of philosophy and theology at the University of Wittenberg. Having good command of the classical languages, he was a Bible translator, author of a number of books and pamphlets, a hymn writer, and a musician. In his time, the only language of worship in the Catholic Church was Latin, be it in England, Germany, or elsewhere. Hymns, litanies, Scripture readings and prayers, were all in the Latin language, which few understood.Luther wanted to put an end to this meaningless mode of worship, and so he started translating the Bible and the litanies, and also writing hymns in German.

Christian music influenced Luther considerably. Here are some of his own words on music.

- “I wish to compose sacred hymns so that the Word of God may dwell among the people, also by means of songs”.
- “I would allow no man to preach or teach God’s people without a proper knowledge of the use and power of sacred song”.
- “The Devil, the originator of sorrowful anxieties and restless troubles, flees before the sound of music, almost as much as before the Word of God”.

"A Mighty Fortress is Our God" written in 1529, is said to have been translated into all known languages of the world. There are more than 60 different versions of this hymn in English language alone. The version popular with us, and given below, is an American version of 1852 by Frederick H. Hedge. But the version generally used in England is the translation by the famous writer Thomas Carlyle, which begins with the words "A safe stronghold our God is still, A trusty shield and weapon". (We have this version in the Sacred Songs & Solos by Sankey, No.3).

It would be profitable to take a close look at the lines of this hymn in an attempt to study its message.

1. A mighty fortress is our God,
   A bulwark never failing;
   Our helper He, amid the flood
   Of mortal ills prevailing.
   For still our ancient foe
   Doth seek to work his woe;
   His craft and pow'r are great,
   And armed with cruel hate -
   On earth is not his equal.

2. Did we in our own strength confide,
   Our striving would be losing,
   Were not the right Man on our side,
   The Man of God's own choosing.
   Dost ask who that may be?
   Christ Jesus, it is He!
   Lord Sabaoth is His name,
   From age to age the same:
   And He must win the battle.

3. And though this world, with devils filled,
   Should threaten to undo us,
   We will not fear, for God hath willed
   His truth to triumph through us.
   The prince of darkness grim,
   We tremble not for him -

His rage we can endure,
For lo, his doom is sure:
One little word shall fell him.

4. That word above all earthly pow'rs,
No thanks to them, abideth;
The Spirit and the gifts are ours
Through Him who with us sideth.
Let goods and kindred go,
This mortal life also;
The body they may kill;
God's truth abideth still:
His kingdom is for ever.

Psalm 46 is the inspiration for this hymn. When Luther wrote this, 12 years after he nailed the 95 theses on the door of the Wittenberg Cathedral, he was being hunted by the Pope Leo X and the Roman Emperor Charles V,with a death sentence on his life. The Lord God was his only protector. It is with a real experience of God's protection that he writes: "A mighty fortress is our God…". He doesn't fear the 'flood of mortal ills' because God is his helper. He is fully aware that the real enemy is not the Pope or the Emperor, but the devil, the 'ancient foe', whose kingdom he has ransacked. He has the realization that the devil is crafty, powerful, armed with 'cruel hate', and is stronger than anyone in this world.

In the second stanza Luther expresses his (man's) helplessness and the necessity for him (man) to trust in the Lord of hosts – "Lord Sabaoth". We have to take sides with the 'right Man', the Man chosen by God, yes, Jesus Christ indeed, if we are to win the battle. He makes clear the Biblical truth that the battle is not ours, but God's. The writer is fully aware that in this hazardous mission he is fighting not against flesh and blood, but against the rulers, authorities, cosmic powers of darkness, and the spiritual forces of evil in the heavenly places, as delineated by St. Paul in Eph.6:12, and that it is God who has to win this battle.

While Luther uses the third stanza to exhort us not to be afraid of this devil-filled world, he is also emboldening himself not to tremble

before the prince of darkness, because it is God's will that His truth should triumph ultimately through us. The devil's rage may seem furious and frightening. But since we already know his end, that he is doomed for destruction, this knowledge will strengthen us to endure his fury. He is going to be trounced by a 'little word' from God. Let us remember here that the devil is only "**like** a roaring lion" (1Pet.5:8). He is **not** a lion. The real lion, "the Lion of the tribe of Judah" (Rev.5:5) is our Lord Jesus Christ.

Luther starts the fourth stanza with a reference to this little 'word' which is sufficient to fell Satan. This 'word', which is above all earthly powers, abides with us for ever. Through Jesus, who is on our side, we are also blessed and empowered with the Holy Spirit and the gifts of the Spirit. The lines: "Let goods and kindred go, This mortal life also; The body they may kill: God's truth abideth still" are more clear in Carlyle's translation which goes like this: "And though they take our life, Goods, honour, children, wife, Yet is their profit small; These things shall vanish all". Here Luther warns us, (while reminding himself also) that, in the battle for God's truth we may lose everything dear to us in this world, even our life. But this loss is nothing compared to the eternal Kingdom of God.

It is said that this hymn was instrumental in the growth of the Christian Church than any other hymn.Travellers to Wittenberg read with appreciation the first line of this'national hymn of Protestant Germany', inscribed in German language upon the tomb of this great reformer:

"A Mighty Fortress is Our God". ⁂

---

## ചിന്തിക്കാം

എന്താണ് ദൈവം ഓർമ്മിപ്പിക്കുന്ന മന്ന? ഓരോ ദിവസവും അതിന്റേതായ മന്ന. അതല്ലേ അതിന്റെ ശാസ്ത്രം. അന്നന്നത്തെ അപ്പം കൊണ്ടു തൃപ്തിപ്പെട്ടാൽ പല തിന്മകളും നമ്മളിൽ നിന്നും മാറും. ആകുലപ്പെട്ടതുകൊണ്ട് ആയുസിന്റെ നീളം നീട്ടാൻ പറ്റുമോ? അതാണു മന്നയുടെ സാമ്പത്തിക ശാസ്ത്രം. അന്നന്നുള്ള ആഹാരം കരുതിയാൽ മതി.

**പ്രൊഫ. ഒലിവർ എ. മെയിസൻ**

# ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു!



ബെഞ്ചമിൻ മോസസ്

ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തു 93 വർഷങ്ങൾക്കു ശേഷം സഭകളോട് ആദ്യമായി സംസാരിക്കുമ്പോൾ അവയുടെ ശുശ്രൂഷകളെയും വിശ്വാസത്തെയും സ്നേഹത്തെയും പ്രയത്നങ്ങളെയും ആഴമായി അവലോകനം ചെയ്തുകൊണ്ട് പറയുന്നത്, ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു, മാനസാന്തരപ്പെടുക എന്നാണ്. ഇതിന്റെ ഗൗരവം ചിന്തിക്കുന്നതിനായി നമ്മെ ഈ ലേഖനം സഹായിക്കട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. വളരെ ശ്രദ്ധയോടുകൂടെ വായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

**പ്രവൃത്തിയും ശുശ്രൂഷകളും**

നമ്മുടെ പ്രവൃത്തികൾ നമ്മുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. നമുക്ക് നന്മയും തിന്മയും പ്രവൃത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. നാം നന്മ ചെയ്യുമ്പോൾ നല്ലവരെന്നും മറ്റുള്ളവർ നമ്മെക്കുറിച്ച് പറയും. നമുക്കുള്ള ഒരു വലിയ ഗുണമാണ് അഭിനയിക്കുവാനുള്ള കഴിവ്. അഭിനയിക്കുവാനുള്ള നമ്മുടെ കഴിവിനെ ലോകം ആദരിക്കുന്നുവെങ്കിലും സൃഷ്ടാവായ ദൈവം ഏറ്റവും വെറുക്കുന്നു.

നാം ബുദ്ധിയിൽ മുതിർന്നവരും തിന്മ ചെയ്യുവാൻ കഴിയാത്ത ശിശുക്കളെപ്പോലെ നിഷ്കളങ്കരുമായിരിക്കണം എന്നു സൃഷ്ടാവ് അരുളിചെയ്തിരിക്കുന്നു. നാം പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരുമായിരിക്കണമെന്നാണ് നമ്മുടെ സൃഷ്ടാവിന്റെ ആഗ്രഹം. അതായത് വളരെ ചെറിയ ശബ്ദതരംഗം പോലും ചെവിയില്ലാത്ത പാമ്പിനു കേൾക്കുവാൻ കഴിയും. അതുപോലെ തന്നെ നമ്മെ കെണിയിലാക്കുന്ന, നശിപ്പിക്കുന്ന ദുർചിന്തകളെ അതിജീവിക്കുവാൻ ജ്ഞാനമുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരുമായിരിക്കണം. അതിനായി സൃഷ്ടാവായ ദൈവം അവിടുത്തെ പരിശുദ്ധവചനവും പരിശുദ്ധജീവനും പരിശുദ്ധാത്മാവും നൽകി.

എന്നാൽ ശുശ്രൂഷ ദൈവം തന്റെ മക്കൾക്ക് പരിശുദ്ധാത്മാവിൽ ദാനം ചെയ്യുന്നു. നാം പരിശുദ്ധരായതിനാൽ അല്ല ദൈവീക വരദാനങ്ങൾ നമ്മിലൂടെ വെളിപ്പെടുന്നത്. പ്രസംഗിക്കുവാനും പ്രാർത്ഥിക്കുവാനും പാടുവാനും പ്രവചിക്കുവാനും അത്ഭുതങ്ങളും വീര്യപ്രവൃത്തി

കളും ദൈവം നമ്മിലൂടെ കൃപ ചെയ്യുന്നു. അതിനാൽ നമുക്ക് അഹങ്ക രിക്കുവാൻ അവകാശമില്ല. സ്വഭാവത്തെ ഗൗരവമായി കണക്കിലെടു ക്കാതെ ദൈവീക ശുശ്രൂഷ ചെയ്യുന്നവർക്കു അയ്യോ കഷ്ടം എന്നാണ് യേശു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. മനുഷ്യൻ നന്മ ചെയ്യണമെന്നുമാ ത്രമല്ല സൃഷ്ടാവിന്റെ ആഗ്രഹം കാരണം സൃഷ്ടാവുമായി യഥാർത്ഥ സംസർഗ്ഗമില്ലാതെ നന്മ ചെയ്യുവാനുള്ള കഴിവ് നന്മ തിന്മകളെക്കുറി ച്ചുള്ള അറിവിന്റെ വൃക്ഷഫലം കഴിച്ചതോടെ മാനവരാശിയ്ക്കു ലഭ്യ മായി. അങ്ങനെ തലമുറകളായി ദൈവം സംസർഗ്ഗം ഇല്ലാതെ തന്നെ നന്മ പ്രവൃത്തികൾ ചെയ്യുന്ന നല്ലവരായിരിപ്പാൻ മനുഷ്യർക്കു കഴിയുന്നു. അങ്ങനെയുള്ളവർ തങ്ങളുടെ നല്ല സ്വഭാവത്തിൽ തൃപ്തരായി സത്യ ദൈവവുമായി ബന്ധമില്ലാത്തവരായി നല്ലവരായി ജീവിക്കുന്നു.

എന്നാൽ ദൈവം മുഷ്യനെക്കുറിച്ച് ആഗ്രഹിക്കുന്നത് ദൈവവു മായുള്ള കൂട്ടായ്മയിൽ ഈ ഭൂമിയിൽ വിശുദ്ധരായിരിക്കുകയും ജീവി ക്കുകയും ശുശ്രൂഷിക്കുകയും ഒടുവിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്ക ണമെന്നുമാണ്. ദൈവത്തോട് അനുസരണക്കേട് കാണിച്ച മനുഷ്യൻ ദൈവത്തെപ്പോലെ നന്മതിന്മകളെക്കുറിച്ചുള്ള അറിവുള്ളവനായിത്തീ രുകയും ദൈവവുമായുള്ള ഐക്യത നഷ്ടപ്പെടുകയും ചെയ്തു. പാപി യായിത്തീർന്ന മനുഷ്യനോട് ദൈവം എത്രമാത്രം സംസാരിച്ചാലും മാന സാന്തരപ്പെടുവാൻ മനസ്സില്ലാത്ത അഥവാ ഇപ്പോഴത്തെ അവസ്ഥയിൽ തൃപ്തരായിരിക്കുന്ന വ്യക്തിയെ ദൈവത്തിനുപോലും ഒന്നും ചെയ്യു വാൻ കഴിയുന്നതല്ല. യെരുശലേമിനെ കോഴി തന്റെ കുഞ്ഞുങ്ങളെ ചിറ കിൻ കീഴിൽ അണയ്ക്കുന്നതുപോലെ അണയ്ക്കുവാൻ യേശുവിനു ഇഷ്ടമായിരുന്നുവെങ്കിലും അവർക്കു മനസ്സില്ലായിരുന്നു. ഇവർ വലിയ ശുശ്രൂഷകൾ ചെയ്തവരായിരുന്നു. എന്നാൽ സ്വഭാവം ശരിയായിരു ന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇക്കൂട്ടർ വിശ്വാസമുള്ളവരും നല്ല മനസ്സാക്ഷി സൂക്ഷിക്കാത്തവരുമായിരുന്നു. ഹൃദയം അഥവാ മന സ്സാക്ഷി ശുദ്ധിയുള്ളതല്ലെങ്കിൽ അവർ ദൈവത്തെ കാണുകയില്ല ദൈവ രാജ്യം അവകാശമാക്കുകയുമില്ല (മത്താ. 5:6).

ഉയിർത്തെഴുന്നേറ്റ കർത്താവ് പത്മോസ് ദ്വീപിൽ യോഹന്നാൻ അപ്പൊസ്തലനു പ്രത്യക്ഷനായി സഭകളെക്കുറിച്ച് അവലോകനം നട ത്തുമ്പോൾ അവരുടെ വിശ്വാസം, ശുശ്രൂഷ, തുടങ്ങിയവയെ അഭിനന്ദി ക്കുന്നുവെങ്കിലും അവരുടെ പ്രവൃത്തികളിൽ നിന്നു മാനസാന്തരപ്പെടു വാനും അല്ലാതിരുന്നാൽ ഉള്ള അവസ്ഥയും ഗൗരവമായി പ്രസ്താവി ക്കുന്നു. ദൈവകൃപ അനുഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹമാണ് സഭ. എന്നാൽ ആ കൃപ നമ്മെ സത്യമായ മാനസാന്തരത്തിലേക്ക് നയിക്കു

ന്നില്ലെങ്കിൽ നാം സ്വയം വഞ്ചിതരാകുന്നു. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനപൂർവ്വം പാപം ചെയ്താൽ ദൈവം നമ്മെ നികൃഷ്ട ബുദ്ധിക്കു ഏൽപിക്കയും ഒടുവിൽ നിത്യശിക്ഷാവിധിക്കു ഓഹരിക്കാരനാക്കുകയും ചെയ്യും (എബ്രായർ 10:26-28, റോമ 1:28, 2:4,5).

നമ്മെ ഭരമേൽപ്പിച്ച ശുശ്രൂഷകൾക്ക് നിത്യതയിൽ മഹത്വമേറിയ പ്രതിഫലങ്ങളാണ് ഒരുക്കീട്ടുള്ളത് എന്ന് തിരുവചനം വെളിപ്പെടുത്തുന്നു. അതുകൊണ്ട് ദൈവം ദാനമായി നൽകിയ ശുശ്രൂഷകൾ വിശുദ്ധിയോടും നിഷ്കളങ്കതയോടും കുറ്റമറ്റവരുമായി ഈ വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ ദൈവംഭയത്തിൽ തികയ്ക്കേണ്ടതാണ് (എബ്രാ.12:28) അതിനായി നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തെ സ്നേഹിക്കുകയും നമ്മെ ന്യായം വിധിക്കുവാൻ പോകുന്ന യേശുക്രിസ്തുവിനെ ഭയപ്പെടുകയും നമ്മെ സകല സത്യത്തിലും വചന പ്രകാരം വഴിനടത്തുന്ന പരിശുദ്ധാത്മാവിനെ അനുസരിക്കുകയും ചെയ്യാം. (ഈ ലേഖനം എഴുത്തുകാരൻ കോസ്മോ പോളിറ്റൻ ഹോസ്പിറ്റലിൽ ഐ.സി.യു. വിൽ വെച്ച് 22-07-2017 -ൽ എഴുതിയത്).

ഓർക്കുക, നാം അഭിമാനിക്കുകയോ അഹങ്കരിക്കുകയോ ചെയ്യുന്ന ശുശ്രൂഷകൾ, അലങ്കരിക്കുന്ന പദവികൾ, സർവകൃപാലുവായ ദൈവത്തിന്റെ ദാനമാണ്. അവ നാം ബുദ്ധിയോടും വിശ്വസ്തതയോടും ചെയ്താലുള്ള പ്രതിഫലം വളരെ ശ്രേഷ്ഠകരമാണ്. എന്നാൽ നമ്മുടെ പ്രവൃത്തി അഥവാ സ്വഭാവം കുറ്റമറ്റതും നിഷ്കളങ്കവും അനിന്ദ്യമാകുന്നതിൽ നാം ജാഗ്രതയുള്ളവനായിരിക്കുന്നില്ലെങ്കിൽ പ്രവൃത്തിക്കനുസരണമായ വിധി നടക്കുമ്പോൾ നിത്യദണ്ഡനത്തിനു ഇരയാകും. കാരണം ന്യായവിധി കൃപാസനത്തിൽ അല്ല ന്യായാസനത്തിനാലാണെന്ന് മറക്കരുത്. നിത്യത എവിടെ എന്നത് തലയിലെഴുത്തല്ല നിത്യതയിൽ നമ്മുടെ പ്രതിഫലം എന്തായിരിക്കണമെന്ന് ഉറപ്പാക്കേണ്ടത് തിരുവചനധ്യാനത്തിലൂടെ നമ്മുടെ ഉത്തരവാദിത്തമാണ് മനസ്സിലാക്കാം മാറ്റിയെടുക്കാം.⁂

# Bible Quiz

**Ajith Sen**

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Second Book of Chronicles (NIV), chapters 10 to 18. Kindly, read these chapters before attempting the quiz. These nine chapters gives details about the split of the kingdom into Israel and Judah and their initial days. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible, kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before 14th of the month at the CSI MM Church Office or email us at **churchvoicequiz@gmail.com**

1. Who was the king of Egypt during King Rehoboam's time?
2. "The LORD is with you when you are with him. If you seek him, he will be found by you, but if you forsake him, he will forsake you". Who said to whom?
3. Who rejected the advice of the elders and consulted young men?
4. For many years was the country at peace during days of Asa?
5. Who was Abijah's mother?
6. What was the amount of causalities among Israel's able men during fight with Abijah and his men?
7. Who appointed his own priests for the high places and for the goat and calf idols he made?
8. To whom did the Arabs bring flocks: seven thousand seven hundred rams and seven thousand seven hundred goats?
9. Who did Asa put in prison because he was enraged?
10. Who made iron horns?

The correct answers to the quiz from II Chronicles 1 to 9

1. Cedar 1:15, 9:27
2. The Lord said to Solomon 7:15
3. In Jerusalem on Mount Moriah, where the LORD had appeared to his father David. It was on the threshing floor of Araunah the Jebusite, the place provided by David. 3:1
4. The two tablets that Moses had placed in it at Horeb 5:10
5. Huram-Abi 2:13,14
6. Hundred 4:8
7. Fire came down from heaven and consumed the burnt offering and the sacrifices, and the glory of the LORD filled the temple. 7:1
8. Jerusalem 6:6 Temple built by Solomon 7:16
9. Solomon 8:3
10. A great throne 9:17

List of people who had submitted the right answers (along with the reference)

1. E. H. Helen Saramma
2. Vathsala Lal
3. Meehal Godwin
4. Nesakumari Davidson
5. Mahil Ajith
6. Shireen Evangeline Ross
7. Padmaleela Wilson
8. J. Sumangala
9. Nirmala Lal Jayakumar
10. Soben S. L.

11. Sumitha Valsalam
12. Lilora P. R.
13. Reuben S. L.
14. Lalitha Jacob
15. Jolly Irene G.
16. Sujana Satish
17. Latha Job
18. Chandra Premala
19. Lilly Prasad
20. Premila Janelet Sylam

---

List of people with all right answers except one (Kindly read and re-read the questions and portion)

1. Grace Ammal V.

---

പേജ് 10 ന്റെ തുടർച്ച

കുഞ്ഞിന് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. പലപ്പോഴും നമ്മുടെ അവസ്ഥ ഇതാണ്. കഷ്ടങ്ങളും രോഗങ്ങളും, മരണങ്ങളുമാകുന്ന കൊടുങ്കാറ്റു കൾ നമ്മുടെ ജീവിതത്തിൽ ആഞ്ഞടിക്കുമ്പോൾ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് മനസ്സിലാക്കാത്ത ആ കൊച്ചുകുട്ടി കരഞ്ഞതു പോലെ നാമും കരയാറില്ലേ? എന്നാൽ ഇതിന്റെയൊക്കെ പുറകിൽ ഒരു ദൈവഉദ്ദേശം ഉണ്ടെന്നുള്ള കാര്യം നാം വിസ്മരിച്ചു കളയരുത്. ഒരു യഥാർത്ഥ വിശ്വാസികൊടുങ്കാറ്റിനു ശേഷം ദൈവ ത്തിന്റെ സ്നേഹസ്വരം കേൾക്കുവാൻ ഇടയാകുന്നു. 'There is always a still small voice after the storm' ആ ശാന്തസ്വരം നമ്മുടെ കാതുകളിൽ വന്നടിക്കുമ്പോൾ അത് കേട്ട് ദൈവത്തിന്റെ ഉദ്ദേശം മനസ്സിലാക്കി നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ ശ്രമിക്കണം.

ഒരു ഭക്തനായ എഴുത്തുകാരൻ ഒരിക്കൽ ഇപ്രകാരം എഴുതി. 'No cross is too heavy for us because christ's shoulder is also beneath it and He bears the heavy load of it. No load that He shares can crush us'

"നമ്മുടെ ക്രൂശിന്റെ ഏറ്റവും ഘനമുള്ള ഭാഗം നമ്മുടെ കർത്താവ് നമുക്കായി വഹിക്കുന്നതുകൊണ്ട് ക്രൂശ് നമുക്ക് ഭാരമായി തോന്നുക യില്ല. യേശു കൂടെ താങ്ങുന്ന യാതൊരു ചുമടിന്റെ ഭാരത്താലും നാം വീണുപോകുന്നതല്ല".

പ്രീയപ്പെട്ട ക്രൈസ്തവമക്കളേ, ഈ വിശ്വാസമാണ് നമുക്കാവ ശ്യമായിട്ടുള്ളത്. നമ്മുടെ അനുദിനജീവിതത്തിൽ കൊടുങ്കാറ്റുകൾ ആഞ്ഞടിക്കാറുണ്ടോ? എങ്കിൽ ത്യജിക്കേണ്ടത് ഏതാണോ അതിനെ ത്യജിക്കുക. ദൈവത്തോട് കൂടുതൽ അടുക്കുവാൻ ശ്രമിക്കുക. മാത്രമല്ല, നമ്മുടെ വിശ്വാസം മുറുകെപ്പിടിക്കുക. നേരിടേണ്ടിവരുന്ന എല്ലാ കഷ്ടപ്പാ ടുകളേയും വഹിച്ചുകൊണ്ട് സീയോനിലേക്കുള്ള ലക്ഷ്യം വെച്ചുകൊണ്ട് നമ്മുടെ യാത്ര തുടരാം. ***



Confirmation Service held on 27th August 2017



## പ്രതിവാര ധ്യാനങ്ങൾ

**സെപ്റ്റംബർ 3 – വിദ്യാഭ്യാസ ഞായർ**
**അദ്ധ്യാപകർ വിമോചനത്തിന്റെ കാര്യസ്ഥർ**
പഴയനിയമം: സദൃശ്യവാക്യങ്ങൾ 8:1–12
സങ്കീർത്തനം: 119:97–104
ലേഖനം: അ.പ്ര. 8:26–38
സുവിശേഷം : മർക്കൊ. 6:34–44

**സെപ്റ്റംബർ 10 – വനിതകളുടെ ഞായർ**
**വനിതകൾക്കു പരിവർത്തനം സൃഷ്ടിക്കുന്നവർ**
പഴയനിയമം: സംഖ്യ. 27:1–11
സങ്കീർത്തനം: 119: 57–64
ലേഖനം: അ.പ്ര. 16:11–15
സുവിശേഷം: ലൂക്കൊ. 1:46–55/
യോഹ. 4:27–30, 39–42

**സെപ്റ്റംബർ 17 – ഞായർ**
**സമാധാനവും സംഘർഷനിവാരണവും**
പഴയനിയമം: ഉല്പ. 13:2–12
സങ്കീർത്തനം: 16
ലേഖനം: അ.പ്ര. 6:1–6
സുവിശേഷം: മത്താ. 20:1–16

**സെപ്റ്റംബർ 24**
**മുതിർന്ന പൗരരുടെ ഞായർ**
**മുതിർന്നവരുടെ ഫല സമ്പൂർണ്ണത**
പഴയ നിയമം: ഉല്പ. 17: 1– 8
സങ്കീർത്തനം: 92
ലേഖനം: ഫിലോ. 8 – 22
സുവിശേഷം : മത്താ. 7:13–20

M M Church Young Family Fellowship
presents

# An Evening of GOSPEL MUSIC

Led by

THE TIRIVANDRUM GOSPEL CHORUS
THE TIRIVANDRUM CHORISTERS ASSOCIATION
THE TIRIVANDRUM MALE VOICES
The Blaze

Tuesday
12[TH] SEPTEMBER 2017
at 6.30 pm.

@ The
VAILOPALLI SAMSKRITHI BHAVAN
Nalanda, Nanthencode,
Trivandrum

**The fund will be utilized for constucting a new Church at Y.F.F. Mission Field**

---

ദക്ഷിണ കേരള മഹായിടവക (SIUC)

CSI Mukkola YFF - CSI MM Church YFF

സംയുക്തമായി സംഘടിപ്പിക്കുന്ന

# FAMILY FEST

## കുടുംബ ധ്യാനയോഗവും കൗൺസലിങ്ങും

സ്ഥലം :
സി.എസ്.ഐ.
മുക്കോല

2017 സെപ്റ്റംബർ 10,
ഞായർ വൈകിട്ട്
5 മണി മുതൽ



ഉദ്ഘാടനം
റവ. ഡി. ജേക്കബ്



മുഖ്യ അതിഥി
റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ



അധ്യക്ഷൻ
റവ. ഡോ. കെ. പുഷ്പരാജൻ

## ഏവർക്കും സ്വാഗതം

*YFF Presbyter in-Charge*
***Rev. N.L. Praveen Raj*** *(MM Church)*
***Evg. T.K. Prasad*** *(CSI Mukkola)*

*YFF Secretary*
***Mr. Sen Edwin*** *(MM Church)*
***Mr. Reji S.M.*** *(CSI Mukkola)*

*YFF President*
***Rev. D. Jacob*** *(MM Church)*
***Rev. Dr. K. Pushparajan*** *(CSI Mukkola)*

റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കലിനെ വ്യക്തിപരമായി കണ്ട് കൗൺസലിംങ് ആവശ്യമുള്ളവർ മുൻകൂട്ടി 9747311779 എന്ന നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്.